**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1775** **12-09-2023 - ൽ മറുപടിയ്ക്ക്**

**കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും ഇതിൽ എത്രയെണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിക്കാമോ; | (എ) | **പി.എസ്.സി യിൽ നിന്നും നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർ അവധിയിൽ പ്രവേശിച്ചതു മൂലം കൃഷി ഭവനുകളിൽ നിലവിൽ വന്ന 13 ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | കൃഷി ഓഫീസർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് കാലം വരെയുള്ള ഒഴിവുകളാണ് കണക്കാക്കിയിട്ടുള്ളത് എന്നും എത്ര ഒഴിവുകളുണ്ട് എന്നും വിശദമാക്കാമോ? | (ബി) | **ഉണ്ട്. കൃഷി ഓഫീസർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 2026 വരെ കണക്കാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**<br><br>**2023 ൽ 65 ഒഴിവുകൾ**<br><br>**2024 ൽ 83 ഒഴിവുകൾ**<br><br>**2025 ൽ 105 ഒഴിവുകൾ**<br><br>**2026 ൽ 86 ഒഴിവുകൾ**<br><br>**ആകെ 339**<br><br>**2023 ൽ ആകെ 65 ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൃഷി ഓഫീസറിൽ നിന്നും കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ മൂലം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ